പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.5054 | | 28.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ക്ഷേമ പെൻഷനുകൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.അബ്ദുൽ ഹമീദ്.പി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് എത്ര തരത്തിലുള്ള ക്ഷേമ പെൻഷനുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്ന 5 തരത്തിലുള്ള പെൻഷനുകൾ നിലവിലുണ്ട്.<br>1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ<br>4. കർഷക തൊഴിലാളി പെൻഷൻ<br>5. അൻപത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ |
| (ബി) | ഓരോതരം പെൻഷനും അപേക്ഷ നൽകേണ്ടത് ഏത് വകുപ്പ്/ഏജൻസിക്കാണെന്ന് അറിയിക്കുമോ; | (ബി) | മേൽപ്പറഞ്ഞ എല്ലാ പെൻഷനുകൾക്കും പെൻഷൻ ആവശ്യമുള്ള വ്യക്തി താമസിക്കുന്ന സ്ഥലത്തെ ഗ്രാമപഞ്ചായത്ത്/നഗര സഭകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. |
| (സി) | ഓരോ തരം പെൻഷനും അനുവദിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ; | (സി) | 1. <u>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ</u><br>60 വയസ്സിന് മുകളിൽ പ്രായം, വാർഷിക വരുമാനം 1 ലക്ഷത്തിൽ കവിയരുത്. മറ്റ് പെൻഷനുകൾ വാങ്ങുന്നവരാകരുത്. മൂന്ന് വർഷമായി കേരളത്തിൽ താമസിക്കുന്ന വരാകണം. വൃദ്ധസദനത്തിലോ, ശരണാലയ ത്തിലോ അന്തേവാസിയായിരിക്കരുത്. യാചക വൃത്തി തൊഴിലായി സ്വീകരിച്ചവരാവരുത്.<br>2. <u>ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ(വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ, ശാരീരിക ,മാനസിക വെല്ലുവിളികൾ നേരിടുന്നവർ)</u><br>കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. വൈകല്യം നാൽപത് ശതമാനമോ അതിലധികമോ ഉണ്ടായിരിക്കണം.<br>3. <u>ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ (വിധവകൾക്കും വിവാഹ മോചിതർക്കും)</u><br>കുടുംബവാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ എ.പി.എൽ, ബി.പി.എൽ ഭേദമില്ലാതെ 1 ലക്ഷം രൂപയിൽ കവിയരുത്. മറ്റ് പെൻഷനുകൾ വാങ്ങുന്നവരാകരുത്. രണ്ട് വർഷമായി കേരളത്തിൽ താമസിക്കുന്ന വരാകണം. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാവരുത്. വിധവ/ 5 വർഷമായി |

| | | | |
|---|---|---|---|
| | | | ഭർത്താവിനെക്കുറിച്ച് വിവരം ലഭ്യമല്ലാത്ത സ്ത്രീ ആയിരിക്കണം.<br>4. <u>കർഷക തൊഴിലാളി പെൻഷൻ</u><br>കേരളത്തിൽ 10 വർഷമായി സ്ഥിരതാമസമായിരിക്കണം. 60 വയസ്സ് തികഞ്ഞിരിക്കണം. കുടംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. കർഷക തൊഴിലാളി ക്ഷേമ നിധിയിൽ അംഗമായിരുന്ന വ്യക്തി ആയിരിക്കണം.<br>5. <u>അൻപത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ</u><br>അൻപത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത സ്ത്രീ ആയിരിക്കണം. അവിവാഹിതരായ അമ്മമാർക്കും അർഹതയുണ്ട്. കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. സംസ്ഥാനത്ത് സ്ഥിരതാമസ മായിരിക്കണം. |
| (ഡി) | ഓരോന്നും അനുവദിക്കുന്ന അതോറിറ്റി ഏതാണെന്ന് അറിയിക്കുമോ; | (ഡി) | എല്ലാ പെൻഷനുകളും അനുവദിക്കുന്നത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭാ കൗൺസിലുകളാണ്. |
| (ഇ) | ഓരോന്നിന്റെയും വിതരണ ഏജൻസിയും, വിതരണം ചെയ്യുന്ന രീതിയും, ഓരോന്നും ഏതു മാസം വരെയുള്ളത് വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ഇ) | പെൻഷൻ വിതരണം നടത്തുന്നത് പഞ്ചായത്ത് ഡയറക്ടർ ആണ്. നിലവിൽ ഗുണഭോക്താക്കൾ തിരഞ്ഞെടുത്തതനുസരിച്ച് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേനയും പ്രാഥമിക സഹകരണ സംഘം/ബാങ്ക് മുഖേന ഗുണഭോക്താവിന്റെ വീട്ടുകളിൽ നേരിട്ടുമാണ് പെൻഷൻ വിതരണം നടത്തുന്നത്. 2016 സെപ്റ്റംബർ വരെയുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ